UNSTARRED QUESTIONS AND ANSWERS

പബ്ലിക് സർവ്വീസ് നിയമനങ്ങൾ.

248. [1] ശ്രീ. എൻ. എൻ. പണ്ടാരത്തിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1953, 1954 എന്നീ കൊല്ലങ്ങളിൽ യഥാക്രമം എത്ര അപേക്ഷകൾ വിവിധ ഉദ്യോഗങ്ങൾക്കായി പബ്ലിക് സർവ്വീസ് കമ്മീഷനു ലഭിക്കുകയുണ്ടായിട്ടുണ്ട്;

(ബി) ഈ ആകെയുള്ള അപേക്ഷകരിൽ ഓരോ കൊല്ലവും എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(സി) ഈ അപേക്ഷ രജിസ്ട്രേഷൻ ഫീസിനത്തിൽ ഗവണ്മെന്റിലേയ്ക്ക് ഓരോ കൊല്ലത്തിലും എത്ര തുക ലഭിക്കുകയുണ്ടായിട്ടുണ്ട്?

ഉത്തരം.

		1953–54.	1954–55.
(എ)	അപേക്ഷകളുടെ എണ്ണം	41,227	32,830.
(ബി)	നിയമനം നൽകപ്പെട്ടവരുടെ എണ്ണം	4,645	3,739.
(സി)	ഈ കൊല്ലങ്ങളിൽ കമ്മീഷന്റെ ആകെ വരവ്	ഉപ 129,552	ഉപ 104,228.

സംസ്ഥാനത്തെ 107–ാംവകുപ്പനുസരിച്ചുള്ള കേസുകൾ.

249. [2] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തൊട്ടാകെയുള്ള മജിസ്ട്രേട്ടുകോടതികളിൽ ഇക്കഴിഞ്ഞ മേയ് 1–ാംതീയതി 107–ാംവകുപ്പനുസരിച്ച് എടുത്ത വിചാരണ നടത്തിവന്ന കേസുകൾ എത്ര? അവയിൽ മൊത്തമായി എത്ര പ്രതികളാണ് ഉണ്ടായിരുന്നത്;

(ബി) അത്തരം 107–ന്റെ കേസുകളിൽ 3 വർഷവും അതിൽ കൂടുതലും പഴക്കമുള്ള കേസുകൾ എത്ര; അതിൽ മൊത്തം പ്രതികൾ എത്ര;

(സി) 107–ന്റെ കേസുകൾ ഇന്ന് ഏതേത കോടതികളിലാണ് വിചാരണചെയ്യപ്പെടുന്നത്; ഈ കേസുകൾ ജൂഡിഷ്യൽ മജിസ്ട്രേട്ടുകോടതികൾക്കു വിചാരണചെയ്യാനായി അയയ്ക്കാതിരുന്നതിന്റെ കാരണമെന്താണ്;

(ഡി) കുന്നത്തൂർ താലൂക്കിൽനിന്നും 107–ന് ചാർജ്ജുചെയ്ത അടൂർ, കരുനാഗപ്പള്ളി മജിസ്ട്രേട്ടുകോടതികളിലും കൊല്ലം ഡിസ്ട്രിക്ട് മജിസ്ട്രേട്ടുകോടതിയിലും മേയ് ഒന്നാംതീയതി വിചാരണയിലിരുന്ന കേസുകൾ എത്ര; മൊത്തം പ്രതികളെത്ര;

(ഇ) അടൂർ ഒന്നാം ക്ലാസ്സ് മജിസ്ട്രേട്ടുകോടതിയിൽ വിചാരണയിലിരുന്ന 107 കേസുകൾ ചെങ്ങന്നൂർ ഡെപ്യൂട്ടി കളക്ടർകച്ചേരിക്കും കരുനാഗപ്പള്ളി മജിസ്ട്രേട്ടുകോടതിയിലെ കേസുകൾ ആലപ്പുഴയ്ക്കും വിചാ

LIBRARY ARCHIVES Kerala Legislative Assembly